I ഇ.ബി. XIII – കേരള നിയമസഭ/I-2

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

2011 ജൂൺ 2, വ്യാഴം

നിയമസഭ രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട പ്രോട്ടെം സ്പീക്കർ ശ്രീ.എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

സ്പീക്കർ തെരഞ്ഞെടുപ്പ്

പ്രോട്ടെം സ്പീക്കർ : നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ശ്രീ. എ. കെ. ബാലന്റെയും ശ്രീ. ജി. കാർത്തികേയന്റെയും പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള നാമനിർദ്ദേശപത്രികകൾ കിട്ടിയിട്ടുണ്ട്. പരിശോധനയിൽ നാമനിർദ്ദേശപത്രികകളെല്ലാം നിയമാനുസൃതമാണ്. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. പി.ഡി. രാജൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി മുതൽ ഇരിപ്പിട ക്രമത്തിൽ നിരയായി അംഗങ്ങളുടെ പേരു വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ച ശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. എ.കെ. ബാലൻ, ശ്രീ. ജി.

കാർത്തികേയൻ എന്നിവരും നോമിനേറ്റഡ് അംഗം ശ്രീ. ലൂഡി ലൂയിസും പ്രോട്ടെം സ്പീക്കർ ശ്രീ. എൻ. ശക്തനും വോട്ടെടുപ്പിൽ പങ്കെടുത്തു.

ശ്രീ. എ.കെ. ബാലന്റെ ഏജന്റ് ശ്രീ. വി. ശിവൻകുട്ടിയുടേയും ശ്രീ. ജി. കാർത്തികേയന്റെ ഏജന്റ് ശ്രീ. കെ. സി. ജോസഫിന്റേയും സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടന്നു.

ശ്രീ. എ.കെ. ബാലന് 68 വോട്ടും ശ്രീ. ജി. കാർത്തികേയന് 73 വോട്ടും ലഭിച്ചതായും ശ്രീ. ജി. കാർത്തികേയനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായും പ്രോട്ടെം സ്പീക്കർ പ്രഖ്യാപിച്ചു. പുതിയ സഭാദ്ധ്യക്ഷനെ പ്രോട്ടെം സ്പീക്കർ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുന്നതിനായി ക്ഷണിച്ചു.

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷത്തിലെ ഏറ്റവും വലിയ കക്ഷിയുടെ നേതാവായ ശ്രീ വി.എസ്. അച്ചുതാനന്ദനും ചേർന്ന് ശ്രീ. ജി. കാർത്തികേയനെ അദ്ധ്യക്ഷവേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): പതിമൂന്നാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്ത അങ്ങയെ അനുമോദിക്കുന്നു. കേരള നിയമസഭയുടെ ഉന്നതമായ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിച്ച് നിഷ്പക്ഷനായി ആ സ്ഥാനത്ത് ഇരിക്കുവാൻ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള പിന്തുണയും സഹകരണവും അങ്ങേയ്ക്ക് ലഭിക്കും. കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ഭരണകക്ഷിയുടെ ഭാഗത്തുനിന്നുള്ള പൂർണ്ണ സഹകരണം ഉറപ്പു നല്കുന്നു. ഉന്നതമായ പാരമ്പര്യമുള്ള കേരള നിയമസഭ ഇൻഡ്യയിലെ മറ്റുള്ള നിയമസഭകൾക്ക് മാതൃകയാണ്. ആ പാരമ്പര്യങ്ങളും ഉന്നതമായ മാനദണ്ഡങ്ങളും കാത്തുസൂക്ഷിച്ച് സഭയുടെ

അന്തസ്സും മാന്യതയും ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകുവാൻ അങ്ങേയ്ക്ക് സാധിക്കും. വിദ്യാർത്ഥി - യുവജന - രാഷ്ട്രീയ പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തേക്ക് വന്ന്, കഴിഞ്ഞ 35 വർഷക്കാലം പ്രവർത്തിച്ചിട്ടുള്ള അങ്ങേയ്ക്ക് നിശ്ചയമായും ഈ ഉത്തരവാദിത്തവും ഭംഗിയായി നിർവ്വഹിക്കാൻ സാധിക്കും. അങ്ങ് ഉത്തരവാദിത്തങ്ങൾ ഏറ്റെ ടുത്തിട്ടുള്ള രംഗങ്ങളിലെല്ലാം വിജയിക്കുകയും പ്രശംസ പിടിച്ചുപറ്റുകയും എതിരാളികളുടെ പോലും സ്നേഹാദരവുകൾ നേടിയെടുക്കുകയും ചെയ്തിട്ടുള്ളത് ഈ അവസരത്തിൽ ഓർക്കുകയാണ്. ആ അനുഭവ സമ്പത്തും ഹൃദ്യമായ സമീപനവും പുതിയ ഉത്തരവാദിത്തം നിറവേറ്റുന്ന തിൽ അങ്ങേയ്ക്ക് മുതൽക്കൂട്ടാകും. ജനാധിപത്യത്തിന്റെ ഉന്നതമായ മാന ദണ്ഡങ്ങൾ ഉയർത്തിപ്പിടിച്ച് ഈ സഭയുടെ പാരമ്പര്യങ്ങൾ കാത്തുസൂക്ഷി ച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ വിധത്തിലുള്ള വിജയങ്ങളും ഉണ്ടാകട്ടെ എന്ന് ഒരിക്കൽക്കൂടി ആശംസിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേരള നിയമ സഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാ വിജയ ങ്ങളും ആശംസിക്കുകയാണ്. കാൽ നൂറ്റാണ്ടു കാലത്തിലേറെ ഈ സഭയുടെ അംഗമായും ഒന്നിലധികം തവണ മന്ത്രിയായും ശോഭിച്ചിട്ടുള്ള അങ്ങേയ്ക്ക് ഇപ്പോൾ ലഭിച്ചിട്ടുള്ള ഈ സ്ഥാനത്തിരുന്ന് ചുമതലകൾ നിറവേറ്റാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു. മന്ത്രിമാർ ഉൾപ്പെടെ ഏതാണ്ട് 23 പേർ അടങ്ങിയ എക്സിക്യൂട്ടീവും അവശേഷിക്കുന്ന 50 അംഗങ്ങളും ഒരു വശത്തും 68 അംഗങ്ങൾ പ്രതിപക്ഷത്തുമുള്ള ഈ സഭയിൽ അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാധ്യതയും ചുമതലയും ഉത്തരവാദിത്തവും ഭംഗിയായി നിറവേറ്റാൻ

കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഭയിലെ അംഗങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും പരിരക്ഷി ക്കുന്നതിന് അങ്ങയുടെ പ്രവർത്തനം വിജയകരമായി തീരട്ടെ എന്ന് ആശംസിച്ചുകൊണ്ട് അങ്ങേയ്ക്ക് ഒരിക്കൽക്കൂടി അഭിവാദനങ്ങൾ അർപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ആദ്യമായി നിയമസഭയുടെ അദ്ധ്യക്ഷ സ്ഥാനത്തു വന്നിട്ടുള്ള അങ്ങയെ അഭിനന്ദിക്കുന്നു. പരിചയസമ്പന്നനും ശാന്തനും പക്വമതിയുമായ അങ്ങ് ഈ സ്ഥാനത്തിരിക്കാൻ സർവ്വഥാ യോഗ്യനാണ്. പക്വതയോടും നിഷ്പക്ഷതയോടും മുന്നോട്ടുപോകുവാൻ അങ്ങേയ്ക്ക് കഴിയുമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. പരസ്പര ബന്ധത്തിന്റെയും സഹകരണ ത്തിന്റെയും പെർഫോർമൻസിന്റെയും നിയമ നിർമ്മാണത്തിന്റെയുമെല്ലാം കാര്യത്തിൽ വളരെ നല്ല റെക്കോർഡുള്ള കേരള നിയമസഭയ്ക്ക് ഭാവിയിലും അതുണ്ടാക്കുവാൻ സാധിക്കും എന്ന പ്രതീക്ഷയോടുകൂടി അങ്ങയെ ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു.

ശ്രീ. സി. ദിവാകരൻ: പതിമൂന്നാം കേരള നിയമസഭയിൽ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട ജി. കാർത്തികേയനെ അഭിനന്ദിക്കുകയും എന്റേയും പാർട്ടിയുടേയും എല്ലാവിധ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. രാഷ്ട്രീയ രംഗത്തും സാംസ്ക്കാരിക രംഗത്തും നല്ല തഴക്കവും പഴക്കവു മുള്ള അങ്ങയെ സ്പീക്കറായി തെരഞ്ഞെടുത്തതിൽ എല്ലാവരും സന്തുഷ്ട രാണ്. ഭരണ - പ്രതിപക്ഷ അംഗസംഖ്യയിൽ അസാധാരണമായിട്ടുള്ള ഒരു സഭയാണ് പതിമൂന്നാം കേരള നിയമസഭ. പുരോഗമനപരമായ

ഇടതുപക്ഷ ചിന്താഗതിയുമായി പലപ്പോഴും പൊരുത്തപ്പെടാൻ സന്മനസ്സ് കാണിച്ചിട്ടുള്ള അങ്ങ് പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ മാതൃകാപരമായ സമീപനം സ്വീകരിക്കുമെന്നു പ്രത്യാശിച്ചുകൊണ്ട് എല്ലാവിധമായ ഭാവുകങ്ങളും നേരുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി):</u> നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. നിയമസഭയിൽ ഏതാണ്ട് 25 വർഷം പൂർത്തിയാക്കിയ അങ്ങേയ്ക്ക് രജത ജൂബിലി സമ്മാനമായിട്ടാണ് സ്പീക്കർ പദവി ലഭിച്ചിരിക്കുന്നത്. സ്പീക്കർ സ്ഥാനത്തേയ്ക്ക് വരുന്ന ആൾക്ക് നിയമജ്ഞാനം, സഭാ നടപടിക്രമങ്ങളെപ്പറ്റിയുള്ള ബോധ്യം, അതിനേക്കാളുപരി നിഷ്പക്ഷതയും നീതിബോധവുമാണ് വേണ്ടത്. സഹൃദയനും ആദർശ രാഷ്ട്രീയത്തിന്റെ ആൾരൂപവുമായ അങ്ങ് മൂല്യങ്ങളെ മുറുകെ പിടിച്ച് രാഷ്ട്രീയ ജീവിതത്തിൽ വിജയിച്ച വ്യക്തിയാണ്. വിദ്യാർത്ഥി - യുവജന പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയ രംഗത്ത് വന്ന് മന്ത്രിയാവുകയും ഇപ്പോൾ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത അങ്ങേയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. പ്രോട്ടെം സ്പീക്കറായി വളരെ വിജയകരമായി പ്രവർത്തിച്ച ശ്രീ. എൻ. ശക്തനെയും, സ്ഥാനമൊഴിഞ്ഞ ബഹുമാന്യനായ കെ. രാധാകൃഷ്ണനെയും അഭിനന്ദിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്:</u> പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹൃദയംഗമമായി അനുമോദിക്കുന്നു. ദീർഘനാളുകൾ ഭരണ-പ്രതിപക്ഷ അംഗമായി പ്രവർത്തിച്ച അങ്ങ് സഭയിലെ എല്ലാ അംഗങ്ങളോടും കാട്ടിയിട്ടുള്ള സ്നേഹവും ബഹുമാനവും സ്മരിക്കുകയാണ്. നിയമസഭാ നടപടിക്രമങ്ങളേയും ചട്ടങ്ങളേയും

കീഴ്‌വഴക്കങ്ങളേയും സംബന്ധിച്ച് ആഴത്തിലുള്ള പരിജ്ഞാനം, അംഗങ്ങളുടെ നൈസർഗ്ഗീകമായ മാനസിക ഭാവങ്ങളെ സംബന്ധിച്ചുള്ള പരിചയം, മുൻവിധിയില്ലാതെ അംഗങ്ങളെ അഭിമുഖീകരിക്കാനുള്ള മനസ്സ്, എല്ലാ കാര്യങ്ങളിലും ഔചിത്യപൂർവ്വമായ നിലപാടെടുക്കാൻ പ്രാപ്തനാക്കുന്ന നീതിബോധം, അതിരുകവിഞ്ഞ സഹിഷ്ണുത, ക്ഷമ, ഒളിമങ്ങാത്ത നർമ്മബോധം തുടങ്ങി ഒരു സ്പീക്കർക്ക് അവശ്യം വേണ്ടുന്ന എല്ലാ ഗുണങ്ങളും അങ്ങയിൽ ഞങ്ങൾ കാണുന്നു. എല്ലാ നിയമനിർമ്മാണ സഭകൾക്കും മാതൃകയാക്കാവുന്ന ഉന്നതമായ പാരമ്പര്യമുള്ള കേരള നിയമസഭ ഇത്തവണ പ്രവർത്തന പാരമ്പര്യമുള്ളവരെക്കൊണ്ടും നവാഗതരായ പ്രതിഭാശാലികളെക്കൊണ്ടും പ്രൗഢമാണ്. ഈ സഭയെ നയിക്കാനുള്ള കരുത്ത് അങ്ങേയ്ക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കേരളനിയമസഭയ്ക്ക് പുതിയ ചരിത്ര നേട്ടങ്ങൾ ഉണ്ടാക്കാൻ അങ്ങയുടെ നേതൃത്വത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കർ ആയി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. രാഷ്ട്രീയ-സാമൂഹിക രംഗത്തും നിയമസഭാ സാമാജികൻ എന്ന നിലയിലും ഒരുപാട് അനുഭവ സമ്പത്തുള്ളതിനാൽ സ്പീക്കറെന്ന നിലയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ അങ്ങേയ്ക്ക് സാധിക്കും.

ശ്രീ. എ. എ. അസീസ്: പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കർ ആയി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. പക്വമതിയായ സാമാജികൻ, മുൻ മന്ത്രി, രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രഗൽഭൻ എന്നീ നിലകളിൽ ശോഭിച്ച അങ്ങേയ്ക്ക് പ്രതിസന്ധികളെ

തരണം ചെയ്യാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുകയും എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു. നിയമസഭാ സാമാജികൻ എന്ന നിലയിൽ ഒട്ടേറെ അനുഭവ സമ്പത്തുള്ള അങ്ങേയ്ക്ക് സ്പീക്കറെന്ന നിലയിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയും. ഒട്ടേറെ നല്ല നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ള കേരള നിയമസഭ ഇൻഡ്യയ്ക്കാകെ മാതൃകയാണ്. അംഗങ്ങൾക്ക് നിയമനിർമ്മാണ പ്രക്രിയയിൽ ഫലപ്രദമായി പ്രവർത്തിക്കാനുള്ള അവസരം നൽകണം. സഭ കൂടുന്നതിന് പ്രത്യേക സമയം നിശ്ചയിച്ചിട്ടുള്ളതുപോലെ പിരിയുന്നതിനും സമയം നിശ്ചയിക്കുകയും എല്ലാ അംഗങ്ങൾക്കും അവസരം നൽകുകയും ചെയ്യണം. സ്ഥാനമൊഴിഞ്ഞ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണനെയും അഭിനന്ദിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ പിന്തുണയും അഭിവാദ്യവും നേരുന്നു. നിയമസഭയിൽ തിരുത്തപ്പെടേണ്ടതായിട്ടുള്ള കാര്യങ്ങൾ തിരുത്താൻ അങ്ങ് തയ്യാറാകണം. നിയമസഭയുടെ അന്തസ്സും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളും പാലിക്കാനുള്ള ജാഗ്രത ഉണ്ടാകണം.

വനം - വന്യജീവി - സ്പോർട്സ് വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പതിമൂന്നാം കേരള നിയമസഭയുടെ സപീക്കർ ആയി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. കലാ-സാംസ്കാരിക - സാഹിത്യ - രാഷ്ട്രീയ രംഗത്ത് വ്യത്യസ്തമായ

അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അങ്ങേയ്ക്ക് സാധിച്ചു. സ്പീക്കർ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്ങിൽ നിന്നും നീതി നിഷേധം ഉണ്ടാകുകയില്ല എന്ന് പ്രതീക്ഷിക്കുന്നു. സഭയിൽ ക്രിയാത്മകമായ ചർച്ചകൾ നടത്താനും അവ സമയബന്ധിതമായി തീർക്കാനും കഴിയണം. വിവിധ വകുപ്പുകളിൽ നടപ്പിലാക്കേണ്ട ക്രിയാത്മകമായ പ്രവർത്തനങ്ങളെക്കുറിച്ച് മാർഗ്ഗ നിർദ്ദേശം നൽകാനും ഒരു പുതിയ കീഴ്‌വഴക്കം സൃഷ്ടിക്കാനും പുതിയ അംഗങ്ങളെ അതിലേയ്ക്ക് തിരിച്ചുവിടാനും ആരോഗ്യകരമായ ചർച്ചകളിലേയ്ക്ക് സഭയെ നയിക്കാനും അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പതിമൂന്നാം കേരള നിയമസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുന്നു. യൂത്ത് കോൺഗ്രസ്സിന്റെ നേതാവായി പ്രവർത്തനം ആരംഭിച്ച് 25 വർഷം നിയമസഭാ സാമാജികൻ എന്ന നിലയിൽ കൈവരിച്ച പക്വത ഈ സഭയെ നീതിപൂർവ്വകമായി മുന്നോട്ട് കൊണ്ടുപോകാൻ അങ്ങേയ്ക്ക് സഹായകമാകും. സമയനിഷ്ഠ പാലിക്കുന്നതിനും ഗൗരവമായ ചർച്ചകളിലൂടെ സഭയുടെ മാന്യത നിലനിറുത്തുന്നതിനും അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. എ.കെ. ബാലൻ : പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ആത്മാർത്ഥമായി അഭിനന്ദിക്കുകയും ദീർഘായുസ്സ് നേരുകയും ചെയ്യുന്നു. കേരളത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താനും ഭരണ രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകാനും അങ്ങേയ്ക്ക് സാധിച്ചിട്ടുണ്ട്. പൊതുപ്രവർത്തന രംഗത്തെ

അനുഭവങ്ങൾ നിയമസഭാ സ്പീക്കറുടെ ചുമതല നിർവ്വഹിക്കുന്നതിന് അങ്ങേയ്ക്ക് കരുത്തു നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ജനവികാരം സഭയിൽ പ്രതിഫലിപ്പിക്കുന്ന വിധത്തിലുള്ള ചർച്ചകളുടെ കാര്യത്തിൽ അങ്ങ് ഉദാരസമീപനം സ്വീകരിക്കണം. സഭയിൽ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കണം. എം.എൽ.എ.-മാർക്ക് മാന്യമായ സേവനം എക്സിക്യൂട്ടീവിൽനിന്ന് ലഭ്യമാക്കാനും നടപടിയുണ്ടാകണം. സഭയിൽ ചർച്ച നടക്കുമ്പോൾ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ ഗ്യാലറിയിൽ ഉണ്ടാകുമെന്ന് ഉറപ്പുവരുത്തണം. സബ്ജക്ട് കമ്മിറ്റികളെ ഗൗരവമായി കാണണം. ബഹുമാനപ്പെട്ട സ്പീക്കർക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹാർദ്ദമായി അഭിനന്ദിക്കുന്നു. അങ്ങയെക്കുറിച്ച് സഭാനേതാവും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. പൊതുപ്രവർത്തകൻ, നിയമസഭാംഗം എന്നീ നിലകളിലുള്ള ദീർഘനാളത്തെ പരിചയം സ്പീക്കർ എന്ന പദവി ഏറ്റവും നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ അങ്ങേയ്ക്ക് സഹായകരമായിത്തീരും. ഭരണ-പ്രതിപക്ഷ കക്ഷികളുടെ താല്പര്യം സംരക്ഷിക്കുന്നതോടൊപ്പംതന്നെ സഭയുടെ അന്തസ്സും അംഗങ്ങളുടെ മാന്യതയും സംരക്ഷിക്കപ്പെടണം. വ്യത്യസ്തതകളുള്ള പതിമൂന്നാം കേരള നിയമസഭയിൽ നേരിടേണ്ടി വരാവുന്ന പ്രതിസന്ധികൾ വിജയകരമായി കൈകാര്യം ചെയ്യാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. സഭയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുന്നതോടൊപ്പം ഇന്ത്യൻ പാർലമെന്റിനും ഇന്ത്യയിലെ മറ്റ് നിയമസഭകൾക്കും മാതൃകയായ കേരള

നിയമസഭയുടെ ചരിത്രവും പാരമ്പര്യവും ഉയർത്തിപ്പിടിക്കാനും അങ്ങേയ്ക്ക് കഴിയണം. അതോടൊപ്പം എന്നെക്കുറിച്ച് നല്ലവാക്കുകൾ പറഞ്ഞ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. പതിമൂന്നാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ഒരിക്കൽക്കൂടി എല്ലാ നന്മകളും നേരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളെ, നിയമസഭയുടെ പരമോന്നത പദവിയിലേയ്ക്ക് എന്നെ തെരഞ്ഞെടുത്തതിന് ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. സഭാ നേതാവും പ്രതിപക്ഷനേതാവും കക്ഷി നേതാക്കളും എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്കും അനുമോദന ങ്ങൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും എന്നിൽ അർപ്പിച്ച വിശ്വാസ ത്തിനും പ്രത്യേകം നന്ദി പറയുന്നു. സുപ്രധാന നിയമനിർമ്മാണ ങ്ങൾകൊണ്ടും കീഴ്വഴക്കങ്ങൾകൊണ്ടും ഭാരതത്തിന്റെ മുഴുവൻ ശ്രദ്ധയാകർഷിച്ച കേരള നിയമസഭയുടെ സ്പീക്കർ സ്ഥാനം ഏറ്റെടുക്കാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു . സഭയുടെ നാഥൻ എന്ന നിലയിൽ യാതൊരു പക്ഷപാതവുമില്ലാതെ, സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട് ഉത്തരവാദിത്തബോധത്തോടുകൂടി എന്റെ ചുമതല നിർവ്വഹിക്കുവാൻ ശ്രമിക്കുമെന്ന് ഉറപ്പുതരുന്നു. ഏറെ പ്രത്യേകതകൾ നിറഞ്ഞ പതിമൂന്നാം കേരള നിയമസഭയിൽ രണ്ട് മുൻ സ്പീക്കർമാരും പ്രഗൽഭരായ നിരവധി പാർലമെന്റേറിയന്മാരും നാൽപ്പത്തിരണ്ട് പുതുമുഖങ്ങളും ഉണ്ടെന്നത് വളരെ സന്തോഷകരമാണ്. സഭാ നടപടികൾ സൂക്ഷ്മമായി പിന്തുടരുന്ന തിനും സഭയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും മനസ്സിലാക്കുന്നതിനും വിഷയ ങ്ങൾ ആഴത്തിൽ പഠിച്ച് അവതരിപ്പിക്കുന്നതിനും പുതിയ അംഗങ്ങൾക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഗവൺമെന്റിന്റെ ഭരണപരമായ നടപടി

ക്രമങ്ങൾ സമയബന്ധിതമായി നിറവേറ്റിക്കൊടുക്കുന്നതിനും പ്രതിപക്ഷ ത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തുല്യ പ്രാധാന്യവും പരിഗണ നയും നൽകേണ്ടതുണ്ട്. ഈ പദവിയുടെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് സഭയിലെ എല്ലാ വിഭാഗങ്ങൾക്കും അവസരം ലഭിക്കു ന്നതിന് പരമാവധി ശ്രദ്ധിക്കുന്നതാണ്. സമയപരിധി പാലിച്ചും സ്വയം നിയന്ത്രണങ്ങൾക്ക് വിധേയരായും സഭയുടെ സമയക്രമവും സൗഹൃദാന്തരീ ക്ഷവും നിലനിർത്തി സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ മുൻ സ്പീക്കർമാരേയും ഞാൻ ഈ സന്ദർഭത്തിൽ ബഹുമാനപൂർവ്വം സ്മരിക്കുന്നു. സഭാ നടപടികൾ ബഹുജന മധ്യത്തിൽ എത്തിക്കുന്നതിനും നല്ല നിയമസഭാ പ്രവർത്തനം കാഴ്ച വയ്ക്കുന്നവരെ പരമാവധി പ്രോൽസാഹിപ്പിക്കുന്നതിനും മാധ്യമ സുഹൃത്തുക്കളുടെ പൂർണ്ണസഹകരണം അഭ്യർത്ഥിക്കുന്നു. നിയമസഭാ സ്പീക്കർ എന്ന നിലയിൽ എന്റെ ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുന്നതിന് ഭരണ - പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടേയും സഹകരണം അഭ്യർത്ഥി ക്കുന്നു. എല്ലാവർക്കും ഒരിക്കൽകൂടി നന്ദി. ഈ നിയമസഭയിലെ പ്രതിപക്ഷ പാർട്ടികളിൽ ഏറ്റവും കൂടുതൽ അംഗസംഖ്യയുള്ള പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആണ്. അതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 2 (1) അനുസരിച്ച് പ്രസ്തുത പാർട്ടിയുടെ നേതാവായ ശ്രീ. വി.എസ്. അച്ചുതാന ന്ദനെ സഭയിലെ പ്രതിപക്ഷനേതാവായി അംഗീകരിച്ചിരിക്കുന്നു.

സഭ രാവിലെ 10.47-ന് പിരിഞ്ഞു.